## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:113    25.04.2017-ൽ മറുപടിക്ക്**

## പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ഉമ്മർ<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.കെ.ബഷീർ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ നിലവിൽ നിയമപരമോ സാങ്കേതികമോ ആയ എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കാമോ;<br><br>(ബി) പോലീസ് ഉദ്യോഗസ്ഥർക്ക് എതിരെയുള്ള കേസുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) യും (ബി) യും 2011-ലെ കേരള പോലീസ് ആക്റ്റ്-110-ാം വകുപ്പിലാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ രൂപീകരണം സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതോറിറ്റിയുടെ പ്രവർത്തനം സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തുന്നതിന് തടസ്സങ്ങൾ ഇല്ല. |
| (സി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രയോജനം ജനങ്ങൾക്ക് അനുഭവവേദ്യമാക്കാൻ അതോറിറ്റി റിപ്പോർട്ടുകൾ നടപ്പാക്കുന്നതുൾപ്പെടെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) അതോറിറ്റി ശിപാർശ ചെയ്യുന്ന റിപ്പോർട്ടുകളിൻമേൽ സംസ്ഥാന പോലീസ് മേധാവിയും ബന്ധപ്പെട്ട യൂണിറ്റ് മേധാവികളും ഉചിതമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**